സാഹിത്യവീഥി.

കേരളകാളിദാസനോ ഗദ്യജനയിതാവു്?

(ചിത്രമെഴുത്തു കെ. എം. വറുഗീസ്)

III

മലയാളഭാഷാശകടത്തിൻെറ ഗതിയെ യഥായുക്തം നിയന്ത്രിപ്പാനായി ഗീവറുഗീസ് കത്തനാർ അവർകൾ ശാസ്ത്രീയരീതിയിൽ ഒരു വ്യാകരണഗ്രന്ഥം നിർമ്മിക്കയായിരുന്നു ആദ്യമായി ചെയ്തതു്. മലയാളഗദ്യസാഹിത്യത്തെ സംബന്ധിച്ചിടത്തോളം ... തൊരു വ്യാകരണഗ്രന്ഥങ്ങളും അതുവരെയ്ക്കു നിർമ്മിക്കപ്പെട്ടിരുന്നില്ല. പാശ്ചാത്യന്മാർക്കു മലയാളഭാഷ അഭ്യസിക്കുന്നതിലേക്കു സഹായമായിരിക്കത്തക്കവണ്ണം അവർ സങ്കുചിതമായ നിലയിൽ ചെറിയ ചെറിയ ചില വ്യാകരണഗ്രന്ഥങ്ങൾ നിർമ്മിച്ചിരുന്നെങ്കിലു അവ നാട്ടുകാർക്കു് ഒട്ടും തന്നെ ഉപയോഗപ്രദങ്ങളായിരുന്നില്ലെന്നു് ആ വക വ്യാകരണങ്ങൾ കണ്ടിട്ടുള്ളവർക്കു് അറിയാവുന്നതാണു്. ഡാക്ടർ ഗുണ്ടർട്ടന്റെ വ്യാകരണം മാത്രമേ ഈ വിഷയത്തിൽ വ്യത്യസ്തരൂപം അവലംബിച്ചിരുന്നുള്ളു. പക്ഷേ അവ തന്നെയും കത്തനാരുടെ വ്യാകരണഗ്രന്ഥം എഴുതപ്പെട്ടതിനു പതിനാറു വർഷം പിമ്പാണു നിർമ്മിക്കപ്പെട്ടതെന്നുള്ള കഥ ഈ അവസരത്തിൽ പ്രത്യേകം സ്മരിപ്പാനുള്ളതാണു്. കാര്യമായി പേർ പറയത്തക്ക ഒരു വ്യാകരണം കത്തനാരവർകളുടെ കാലത്തുണ്ടായിരുന്നെങ്കിൽ, അതു "ലീലാതിലകം" മാത്രമായിരുന്നു. അവയാകട്ടെ, സംസ്കൃതത്തിൽ രചിക്കപ്പെട്ട അലങ്കാരപരമായ ഒരു വ്യാകരണമായിരുന്നതിനാൽ ഗദ്യസാഹിത്യത്തെ സംബന്ധിച്ചടത്തോളം കേവലം പ്രയോജനരഹിതവുമായിരുന്നു. ഇങ്ങനെ അലകും പിടിയും കെട്ടും മട്ടും ഇല്ലാതെ കേവല അനിയന്ത്രിതമായ നിലയിൽ കിടന്നിരുന്ന മലയാളഭാഷയ്ക്കു കത്തനാരവർകൾ തൻെറ വ്യാകരണഗ്രന്ഥം മൂലം ആദ്യമായി അടിയുറപ്പു നൽകി. മലയാളഭാഷയെ യഥാർത്ഥമായി സ്നേഹിക്കുന്ന ഏതൊരു കേരളീയനും ഈ സംഗതി അത്യന്തം നന്ദിപൂർവ്വം സ്മരിപ്പാനുള്ളതാണു്. പ്രസ്തുത വ്യാകരണത്തെ സംബന്ധിച്ച ദിവാൻ മാധവരായർ അവർകൾ ഗീവറുഗീസ് കത്തനാരവർകൾക്കു് അയച്ച എഴുത്തു താഴെ ഉദ്ധരിക്കുന്നു.

ഹജൂർകച്ചേരി—തിരുവനന്തപുരം
29 ഒക്ടോബർ 1864

മെമ്മോ

ഒക്ടോബർ 14-ൽ റവ: ജോർജ്ജ് മാത്തൻ അയച്ച എഴുത്തു ദിവാൻജിക്കു കിട്ടി. പ്രോൽസാഹനപരമായ മറുപടി അയയ്ക്കുന്നതിനു താമസിച്ചതിൽ ദുഃഖിക്കുന്നു. മി. മാത്തൻെറ പ്രസിദ്ധീരണങ്ങൾ അദ്ദേഹത്തിൻെറ നാട്ടുഭാഷാനൈർമ്മല്യത്തെ സ്പഷ്ടമാക്കുകയും പാണ്ഡിത്യമഹിമാവിനെ വ്യക്തമാക്കുകയും ചെയ്യുന്നുണ്ടു്. തന്നിമിത്തം അവ അനുമോദനാർഹങ്ങൾ തന്നെ. സർക്കാരിൽ നിന്നു് ഈ "മലയാഴ്മയുടെ വ്യാകരണ"ത്തിൻെറ 100 പ്രതികൾ എടുക്കയും അതിനുള്ള വില 200 രൂപാ കോട്ടയം തഹസീൽദാരെ ഏൽപ്പിക്കയും ചെയ്തിരിക്കുന്നു. ഇതിൻെറ പകർപ്പവകാശത്തെപ്പററി ആലോചിച്ചുവരുന്നു.

(ഒപ്പ്)
ററി മാധവറാവു
ദിവാൻ

ഇന്നു മലയാളഭാഷയിൽ ഉപയോഗിച്ചുപോരുന്നതായ പൂർണ്ണവിരാമം, അങ്കുശം, രോധിനി, ഭിത്തിക, ഉദ്ധരണി മുതലായ ചിഹ്നങ്ങൾ ഗീവറുഗീസ് കത്തനാരവർകൾ പ്രയോഗിച്ചു കാണിച്ചിട്ടുള്ളതാണെന്നു കഥ പലർക്കും അറിവുണ്ടായിരിക്കാം. മലയാളഗദ്യ സാഹിത്യചരിത്രത്തിലെ അദിമകാവ്യങ്ങൾ 1042-ാമാണ്ടിനു പിമ്പുണ്ടായിട്ടുള്ള സന്മാർഗ്ഗപ്രദീപം, വിജ്ഞാനരഞ്ജിനി അക്ബർ മുതലായവയാണെന്നും കേരളവർമ്മ വലിയകോയിത്തമ്പുരാൻ മലയാളഗദ്യജനകസ്ഥാനത്തിനു് അർഹനായിത്തീർന്നതു് ഇവയുടെ നിർമ്മാണം കൊണ്ടാണെന്നും വാദിക്കുന്ന മി. ശങ്കരയ്യരുടെ ശ്രദ്ധയെ ഞാൻ താഴെച്ചേർക്കുന്ന ഗീവറുഗീസ് കത്തനാർ അവർകളുടെ കൃതികളിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

ഗ്രന്ഥങ്ങൾ.

1. മലയാഴ്മയുടെ വ്യാകരണം—രചനാകാലം—കൊല്ലവർഷം 1027, പേജ് 214, രചനാകാലത്തു വലിയകോയിത്തമ്പുരാൻെറ പ്രായം 7 വയസ്സ്. (കേരളപാണിനീയത്തെക്കാൾ വലിപ്പമുണ്ടു്.)
2. സത്യവാദഖേടം—രചനാകാലം കൊല്ലവർഷം 1036, പേജ് 93, രചനാകാലത്തു വലിയകോയിത്തമ്പുരാൻെറ പ്രായം 16, (സർക്കാർസമ്മാനം നൽകിയ ഗ്രന്ഥം)
3. സംയുക്തി—രചനാകാലം കൊല്ലവർഷം 1037, പേജ് 112, രചനാകാലത്തു കോയിത്തമ്പുരാൻെറ പ്രായം. 17, (ധർമ്മശാസ്ത്രം "ബട്ടലേഴ്സ് അനാളജി"യുടെ തർജ്ജമ)
4. ഒരു സംവാദം—രചനാകാലം കൊല്ലവർഷം 1039, പേജ് 75 രചനാകാലത്തു വലിയകോയിത്തമ്പുരാൻെറ പ്രായം 19, (വേദാന്തവ്യവഹാരം.
5. ബാലാഭ്യസനം—രചനാകാലം കൊല്ലവർഷം 1042, പേജ് 33, രചനാകാലത്തു വലിയകോയിത്തമ്പുരാൻെറ പ്രായം 22, (ശിക്ഷാക്രമപരിശീലനത്തെ സംബന്ധിച്ചുള്ള ഒരു ശാസ്ത്രീയവ്യവഹാരം)

ഉപന്യാസങ്ങൾ.

(പ്രസിദ്ധപ്പെട്ടവ മാത്രം)

1. ഭൂമി ഉരുണ്ടതാവുന്നു—രചനാകാലം 1040, പേജ് 10, തമ്പുരാൻെറ പ്രായം 20, (ശാസ്ത്രീയോപന്യാസം)
2 മതമുക്കത്തായത്താലുള്ള ദോഷങ്ങൾ—രചനാകാലം 1041, പേജ് 30, തമ്പുരാൻെറ പ്രായം 21, (നായന്മാർ സ്വത്തു് ആളോഹരിഭാഗം ചെയ്യ പിരിയണമെന്നു സമുദായശാസ്ത്രം ധനശാസ്ത്രം ചരിത്രം എന്നിവയെ ആസ്പദമാക്കി വ്യവഹരിക്കുന്ന ഒരു ദീർഘപ്രബന്ധം.)
3. അദ്വൈതം— രചനാകാലം 1040, പേജ് 3, തമ്പുരാൻെറ പ്രായം 20.
4. ആകാശത്തുള്ള ഗോളങ്ങൾ—രചനാകാലം 1041, പേജ് 9, തമ്പുരാൻെറ പ്രായം 21.
5. അന്തരീക്ഷം—രചനാകാലം 1041, പേജ് 9, തമ്പുരാൻെറ പ്രായം 21.
6. മറുജന്മം—രചനാകാലം 1041, പേജ് 50, തമ്പുരാൻെറ പ്രായം 21.
7 സ്ത്രീകളുടെ യോഗ്യമായ സാമൂഹ്യസ്ഥിതി—രചനാകാലം 1041, പേജ് 30, തമ്പുരാൻെറ പ്രായം 21.

വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ സന്മാർഗ്ഗപ്രദീപം, വിജ്ഞാനരഞ്ജിനി, അക്ബർ മുതലായവയെ തുടർന്നാണു മലയാളത്തിൽ ഉപന്യാസങ്ങൾ, വിമർശകസാഹിത്യം, ആഖ്യായിക നിർമ്മാണം എന്നിവ ഉണ്ടായിട്ടുള്ളതെന്നുള്ള മി. ശങ്കരയ്യരുടെ അഭിപ്രായം അബദ്ധമാണെന്നു കാണിപ്പാൻ കത്തനാർ അവർകൾ എഴുതിയിട്ടുള്ള ഏതാനും ഗ്രന്ഥവിമർശനങ്ങളെ സംബന്ധിച്ചു് ഒരു പട്ടിക കൂടി താഴെ ചേർക്കാം. മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള ആദ്യത്തെ ആഖ്യായിക ആക്ബറാണെന്നു മി. അയ്യർ പറയുന്നതു തെററു; അപ്പു നെടുങ്ങാടിയുടെ "കുന്ദലത"യാണെന്നു പ്രസിദ്ധം. എന്നാൽ അക്ബറുമല്ല, കുന്ദലതയുമല്ല കല്ലൂർ ഉമ്മൻ പീലിപ്പോസ് എന്നൊരു നസ്രാണിമാപ്പിള എഴുതിട്ടുള്ള "ആൾമാറാട്ടം" ആണെന്നു ഞാൻ വാദിക്കുന്നു. പക്ഷേ പ്രസ്തുത ആഖ്യായിക പാഠ്യപുസ്തകമായി എടുപ്പിക്കുന്നതിനു പീലിപ്പോസ് അവർകൾ ഉൽസാഹിക്കായ്കയാൽ ആ കഥയ്ക്കു വെളിച്ചം തട്ടുന്നതിനും ആരും തന്നെ അതു കൊട്ടിഘോഷിക്കുന്നതിനും സംഗതിയായിട്ടില്ലെന്നു മാത്രം.

ഗീവറുഗീസു കത്തനാരുടെ വിമർശനകൃതികൾ.

1. സാധാരണ ചികിൽസാശാല—സർക്കാർ ഗസററിനെ വിമർശിക്കുന്നു, രചനാകാലം കൊല്ലവർഷം 1039, പേജ് എട്ടു, തമ്പുരാൻെറ പ്രായം 19,
2. നാനാർത്ഥം—ലക്ഷ്മണരായരുടെ സന്മാർഗ്ഗോപദേശത്തെ വിമർശിക്കുന്നു, രചനാകാലം കൊല്ലവർഷം 1039, പേജ് 5, തമ്പുരാൻെറ പ്രായം 19
3. കൊഴമുതലൺമ—പേഷ്കാർ രാമരായരുടെ ഒരു കൃതിയെ വിമർശിക്കുന്നു, രചനാകാലം കൊല്ലവർഷം 1040, പേജ് 10, തമ്പുരാൻെറ പ്രായം 20, (രാഷ്ട്രീയവും ധനശാസ്ത്രപരവുമായ ഒരു വിമർശനമാണിതു്.)
4. നാനാർത്ഥം— പ്രസംഗകറിമാനത്തെ വിമർശിക്കുന്നു, രചനാകാലം കൊല്ലവർഷം 1041, പേജ് 5, തമ്പുരാൻെറപ്രായം 21

കേരളവർമ്മ വലിയകോയിത്തമ്പുരാൻ ബുക്കു കമ്മട്ടി പ്രസിഡണ്ടു് എന്ന നിലയിൽ മലയാളഭാഷയിൽ ഗ്രന്ഥരചനയ്ക്കായി ഉദ്യമിക്കുന്നതിനു വളരെ മുമ്പു, ഭാഷ, സന്മാർഗ്ഗശാസ്ത്രം, ധർമ്മശാസ്ത്രം, വേദാന്തം, ബോധനസാഹിത്യ, സമുദായശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, ഭൂമിശാസ്ത്ര, വിമർശനസാഹിത്യ, രാഷ്ട്രീയസാഹിത്യം, ചരിത്രം എന്നിവയെ സംബന്ധിച്ച ചിന്തിക്കുന്നതിനും വിമർശിക്കുന്നതിനും, ഉപന്യാസങ്ങൾ എഴുതുന്നതിനും ഉത്തമരീതിയിൽ ഗ്രന്ഥനിർമ്മാണം ചെയ്യുന്നതിനും ഒരു സുറിയാനിക്രിസ്ത്യാനിയായ ഗീവർഗ്ഗീസു കത്തനാർ അവർകളാണു കേരളീദേവിയുടെ തിരുമാറിടത്തെ ആശ്ലേഷിച്ചതെന്നവാസ്തവം മലയാളഗദ്യസാഹിത്യ ചരിത്രാന്വേഷകനായ മി. ശങ്കരയ്യർ ഇനിയെങ്കിലും ഗ്രഹിച്ചിരിക്കേണ്ടതാണു്. പക്ഷേ അദ്ദേഹത്തെ ഒരു തമ്പുരാട്ടിയോ കോയിത്തമ്പുരാട്ടിയോ പ്രസവിക്കാഞ്ഞതിനാൽ ക്രൈസ്തവസമുദായം ഉത്തരവാദിയല്ലെന്നു മാത്രമേ ഈ ഘട്ടത്തിൽ പറയേണ്ടതായിട്ടുള്ളു.